**സർക്കുലർ**

66/NSS/DHSE/2016 30/05/2016

## ജൂൺ 5 ലോക പരിസ്ഥിതി ദിനം 2016

ലോക പരിസ്ഥിതി ദിനം 2016 ന്റെ മുദ്രാവാക്യമായി യുഎൻ പ്രഖ്യാപിച്ചിട്ടുള്ളത് ***"Fight Against The Illegal Trade In Wild Life"*** വന്യജീവികളുടെയും വനസമ്പത്തിന്റെയും നിയമപരമല്ലാത്ത ദുരുപയോഗത്തെയും ചൂഷണത്തെയും വ്യാപാരത്തെയും തടയുക എന്നതാണ് ഈ വർഷത്തെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം എന്നത് വനസമ്പത്തും മാനവസമ്പത്തും ഉൾക്കൊള്ളുന്ന സുസ്ഥിരവികസനമാണ്.

ഈ വർഷത്തെ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. വനവൽക്കരണം, സാമൂഹിക ബോധവൽക്കരണം വിവിധ മത്സരങ്ങൾ തുടങ്ങിയവയിലൂടെ 50,000 എൻഎസ്എസ് വോളണ്ടിയർമാർ 1000 പ്രോഗ്രാം ഓഫീസർമാർ 1000 വിദ്യാലയങ്ങൾ എന്നിവർ ഈ ശ്രേഷ്ഠമായ പരിപാടിയിൽ പങ്കുചേരുന്നു.

## ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ

1. വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത്, എൻഎസ്എസ് പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന **ദത്തു ഗ്രാമത്തിലോ** വൃക്ഷത്തൈകൾ വച്ചുപിടിപ്പിയ്ക്കാം. തണൽ മരങ്ങൾക്കും ഫലവൃക്ഷങ്ങൾക്കും പ്രാധാന്യം നൽകി വേണം ഈ പ്രവർത്തനം നടപ്പിലാക്കേണ്ടത്.

2. ജല സ്രോതസ്സുകൾ, പുഴകൾ, കനാലുകൾ, കുളങ്ങൾ എന്നിവ സംരക്ഷിയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാം. മുള, രാമച്ചം, കൈത,കണ്ടൽച്ചെടികൾ തുടങ്ങിയവ ജലസ്രോതസ്സുകളുടെ സമീപം വച്ചുപിടിപ്പിയ്ക്കാവുന്നതാണ്.

3. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാം.
   ചിത്രരചന, കാർട്ടൂൺ, കവിതാരചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിയ്ക്കാം.
   ഹ്രസ്വചിത്രങ്ങൾ, ഡോക്കുമെന്ററി പ്രദർശനം, തെരുവുനാടകം, റാലി
   പരിസ്ഥി സംരക്ഷണത്തിനു പ്രാധാന്യം നൽകിയുള്ള ചർച്ചകൾ, ക്ലാസ്സുകൾ,

4. ലോകപരിസ്ഥിതി ദിനത്തിലെ ലക്ഷ്യങ്ങളെക്കുറിച്ചും വിവിധ പാരിസ്ഥിതിക സമ്മേളനങ്ങളിലെ കണ്ടെത്തലുകളെ കുറിച്ചും ചർച്ചകൾ സംഘടിപ്പിയ്ക്കാം.

5. തരിശു പ്രദേശങ്ങൾ , പുറമ്പോക്ക് ഭൂമി, മൊട്ടകുന്നുകൾ എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന ഫലവൃക്ഷത്തൈകൾ, ഔഷധച്ചെടികൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിക്കാവുന്നതാണ്. ആ പ്രദേശം ദത്തെടുത്ത് പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ ലഭിയ്ക്കുന്നതിന് വനം വകുപ്പ്-സോഷ്യൽ ഫോറസ്റ്റ്, കൃഷി വകുപ്പ്, പത്രസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ബന്ധപ്പെട്ട് ആവശ്യത്തിന് തൈകൾ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. വൃക്ഷത്തൈകൾ നടുന്നതിനോടൊപ്പം പരിസ്ഥി സംരക്ഷണം എന്ന ആശയം വോളണ്ടിയർമാരുടെ മനസ്സിൽ പൂർണ്ണതോതിൽ എത്തിയ്ക്കുവാൻ പ്രോഗ്രാം ഓഫീസർ ശ്രമിയ്ക്കേണ്ടതാണ്. പ്രവർത്തന റിപ്പോർട്ടും ഫോട്ടോയും ജൂൺ 10 ന് മുൻപായി എൻഎസ്എസ് വെബ്സൈറ്റിൽ (www.dhsenss.kerala.gov.in) ചേർക്കേണ്ടതാണ്.

ഒപ്പ്
പ്രോഗ്രാം കോഡിനേറ്റർ

